(ബി) ശബരിമല സീസൺ ആരംഭിക്കുന്നതോടെ വാഹനങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ആയത് എത്രയും വേഗം ടാർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ ദേശീയപാതയിൽ കാഞ്ഞങ്ങാടിനും പൊയിനാച്ചിക്കുമിടയിൽ കേടുപാടുകൾ വന്ന റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി ഫ്ളഡ് ഡാമേജ് റിപ്പയറിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്. കൂടാതെ പ്രസ്തുത റോഡിൽ ചട്ടഞ്ചാൽ മുതൽ നീലേശ്വരം വരെ ഉപരിതലം പുതുക്കാനുള്ള 19 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ഉപരിതലം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പനച്ചമൂട്ടിൽക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

399 (1457) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനച്ചമൂട്ടിൽ കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണികൾ ഏതു തരത്തിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാലത്തിന്റെ പണികൾ പൂർത്തീകരിച്ച് ഗതാഗതത്തിനായി എന്ന് തുറന്ന് കൊടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പനച്ചമൂട്ടിൽക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഇതുവരെയും പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടില്ല. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നതേയുള്ളൂ.

നെല്ലിയാമ്പതിയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ തകർന്ന റോഡിന്റെ പുനർനിർമ്മാണം

400 (1458) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ നെന്മാറ മണ്ഡലത്തിലെ നെല്ലിയാമ്പതിയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ തകർന്ന റോഡിന്റെ പുനർനിർമ്മാണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പണി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly